# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2211

08.03.2017- ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വിൻസെന്റ്**<br>**" ഷാഫി പറമ്പിൽ**<br>**" എൽദോസ് കുന്നപ്പിള്ളി**<br>**" എ.പി. അനിൽ കുമാർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിലെ നിക്ഷേപ രംഗത്തെ ഉണർവിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്, വിശദമാക്കാമോ; | (എ) സഹകരണ മേഖലയിലെ നിക്ഷേപരംഗത്തെ ഉണർവ്വിനായും നിക്ഷേപ സുരക്ഷയ്ക്കായും സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള സന്ദർഭങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞങ്ങളും സംഘടിപ്പിക്കാറുണ്ട്. |
| ബി) നോട്ട് നിരോധനത്തെ തുടർന്ന് സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്താൻ റിസ്ക് ഫണ്ട് പദ്ധതിയെ എങ്ങനെയാണ് പ്രയോജനപ്പെടുത്തിയതെന്നു വിവരിക്കാമോ; | (ബി) വായ്പയെടുത്ത ശേഷം മരണപ്പെടുകയോ, മാരക രോഗം ബാധിക്കുകയോ ചെയ്ത് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന വായ്പക്കാർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണ് സഹകരണ റിസ്ക് ഫണ്ട് പദ്ധതി. വായ്പക്കാരൻ വായ്പകാലാവധിയിലോ കാലാവധി കഴിഞ്ഞ് 6 മാസത്തിനകത്തോ മരണപ്പെടുകയാണെങ്കിൽ ബാക്കി നിൽപ്പ് തുകയിൽ നിന്ന് പരമാവധി ഒന്നരലക്ഷം രൂപയും അതിന്റെ പലിശയും എഴുതിത്തള്ളുന്നതിനും, മാരകമായ രോഗം പിടിപെട്ടിട്ടുള്ള വായ്പക്കാരുടെ 75,000/- രൂപ വരെയുള്ള വായ്പ ബാധ്യത എഴുതിത്തള്ളുന്നതിനും വേണ്ടിയാണ് റിസ്ക് ഫണ്ട് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. |
| സി) സംസ്ഥാനത്തെ എല്ലാ സംഘങ്ങളെയും ഈ പദ്ധതിയിൽ ചേർക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ? | (സി) വായ്പ നൽകുന്ന എല്ലാ സംഘങ്ങളെയും ഈ പദ്ധതിയിൽ ചേർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ